പ്രസ്തുത ആഡിറ്റ് നടത്തുന്ന വകുപ്പിന് അതിനനുസൃതമായി ജീവനക്കാരെ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്;

(ഇ) ഒരു നടപടിയും സ്വീകരിച്ചിട്ടില്ലെങ്കിൽ കാരണമെന്തെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ജനകീയാസൂത്രണ പദ്ധതി നടപ്പാക്കുന്നതിനുമുൻപ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വികസന പ്രവർത്തനങ്ങൾക്കായി ഒരു നിശ്ചിത ശതമാനം തുക നീക്കിവച്ചിരുന്നില്ല. സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതിക്കനുസരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആവശ്യം കണക്കിലെടുത്തുമാണ് ധനസഹായം നൽകിയിരുന്നത്.

(ബി) 1997-98, 1998-99, 1999-2000 എന്നീ വർഷങ്ങളിൽ യഥാക്രമം മൊത്തം സംസ്ഥാന പദ്ധതിയുടെ 26.23, 30.65, 31.38 ശതമാനമാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വകയിരുത്തിയത്.

(സി) ഇപ്പോൾ ആഡിറ്റ് നടത്തുന്നത് ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പാണ്. എന്നാൽ ഒരു ആഡിറ്റ് കമ്മിഷൻ രൂപീകരിക്കുന്ന കാര്യം സർക്കാർ പരിഗണിച്ചുവരുന്നു.

(ഡി) ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിലെ അധിക ജോലിഭാരം കണക്കിലെടുത്ത് സർക്കാർ ഉത്തരവ് (എം.എസ്) 1459/98/ഫിൻ. തീയതി 15.5.1998 പ്രകാരം 132 തസ്തികകൾ അധികമായി അനുവദിച്ചിട്ടുണ്ട്.

(ഇ) 'ഡി' യുടെ വെളിച്ചത്തിൽ ബാധകമല്ല.

11 (2568) ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി

ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) അധികാര വികേന്ദ്രീകരണം നടപ്പിലാക്കിയതിന്റെ ഫലമായി ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ് ശക്തിപ്പെടുത്തുവാൻ എന്തെല്ലാം നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ് ജീവനക്കാർക്ക് ജനകീയാസൂത്രണ പരിപാടികളെ സംബന്ധിച്ച് സംസ്ഥാനതല ശിൽപ്പശാല ഇനിയും സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ജനകീയാസൂത്രണ പദ്ധതിയുടെ ഫണ്ട് ആഡിറ്റ് ചെയ്യുന്നവർക്ക് ഇതുസംബന്ധിച്ച് പ്രായോഗിക പരിജ്ഞാനം ലഭ്യമാക്കുവാൻ ഇത്തരം ശില്പശാലകൾ സംഘടിപ്പിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ജി.ഒ. (എം.എസ്) 1459/എസ്റ്റാ.ഡി1/98/ഫിൻ. തീയതി 15.5.1998 പ്രകാരം 132 പുതിയ തസ്തികകൾ അനുവദിച്ചത് ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിനെ ശക്തിപ്പെടുത്താനായിട്ടാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതു സംബന്ധിച്ച് നിർദ്ദേശങ്ങളൊന്നും ഗവൺമെന്റിൽ കിട്ടിയിട്ടില്ല.

(സി) നിർദ്ദേശം കിട്ടിയാൽ പരിഗണിക്കുന്നതാണ്.

12 (2569) ലോക്കൽ ഫണ്ട് ആഡിറ്റ് ആഫീസ് മേധാവികളുടെ അധികാരങ്ങൾ

ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോക്കൽ ഫണ്ട് ആഡിറ്റ് ആഫീസ് തലവൻമാരുടെ തസ്തികകളിൽ ഒഴിവുവരുമ്പോൾ തൊട്ടടുത്ത സ്ഥാനത്തുള്ള ഉദ്യോഗസ്ഥന് ചാർജ്ജ് നൽകുന്നതിന് വകുപ്പ് ഡയറക്ടർക്ക് അധികാരം നൽകിയിട്ടുണ്ടോ;

(ബി) ഇങ്ങനെ ചാർജ്ജ് നൽകാത്തതുമൂലം താഴ്ന്ന ജീവനക്കാർക്ക് ശമ്പളമുൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുവാനുണ്ടാകുന്ന കാലതാമസം ഗവൺമെന്റിന്റെ ശ്രദ്ധയിൽവന്നിട്ടുണ്ടോ;

(സി) എങ്കിൽ ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർക്ക് ഈ അധികാരം നൽകാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പരിശോധിക്കുന്നതാണ്.

13 (2570) ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിലെ പുതിയ തസ്തികകൾ

ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിൽ പുതുതായി എത്ര തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്;

(ബി) തസ്തികകൾ തിരിച്ചുള്ള കണക്കുകൾ വിശദീകരിക്കുമോ;

(സി) 1996-ൽ അനുവദിച്ച പല തസ്തികകളും വെട്ടിക്കുറച്ചു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നിജസ്ഥിതി വെളിപ്പെടുത്തുമോ;

(ഡി) ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിലെ ഡി.പി.സി. യഥാസമയം കൂടാത്തതിനാൽ ഉയർന്ന തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം ലഭിക്കുവാൻ കാലതാമസം നേരിടുന്നുവെന്ന പരാതി ഗവൺമെന്റിനു ലഭിച്ചിട്ടുണ്ടോ;

(ഇ) ഡി.പി.സി. അവസാനമായി കൂടിയതെന്നാണ്;

(എഫ്) അടിയന്തിരമായി ഡി.പി.സി. കൂടി ഉദ്യോഗക്കയറ്റങ്ങളിൻമേൽ അടിയന്തിര തീരുമാനമെടുക്കുവാൻ നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly